# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3730 15.12.2014-ൽ മറുപടിയ്ക്ക്

### ജസ്റ്റിസ് ജി. ശിവരാജൻ അന്വേഷണക്കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി | ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ജസ്റ്റിസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തെല്ലാമെന്ന് വിശദീകരിക്കാമോ ; | (എ) ജസ്റ്റിസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത കമ്മീഷൻ മുമ്പാകെ സർക്കാർ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) ജസ്റ്റിസ് ജി. ശിവരാജൻ കമ്മീഷൻ മുമ്പാകെ സോളാർ തട്ടിപ്പ് കേസിൽ സർക്കാർ രണ്ട് സ്റ്റേറ്റ്മെന്റുകളാണ് നൽകിയിരിക്കുന്നത്. അതിൽ ആദ്യത്തേത് കക്ഷിചേർക്കണമെന്ന് ആവശ്യപ്പെട്ട് A മുതൽ F വരെയുള്ള പാർട്ടികൾ നൽകിയ ഹർജികളിൽ (Impleading Petitions) സർക്കാർഭാഗം അറിയിച്ചുകൊണ്ട് ഫയൽ ചെയ്തതാണ്. രണ്ടാമത്തേത് സോളാർ അന്വേഷണ വിഷയങ്ങളിൽ (Terms of Reference) ആദ്യത്തെ അന്വേഷണ വിഷയത്തിൽ A മുതൽ F വരെയുള്ള പാർട്ടികൾ നൽകിയ ആരോപണ സ്റ്റേറ്റ്മെന്റുകൾക്ക് (Statement of Allegations) മറുപടിയായി ഫയൽ ചെയ്ത 'സ്റ്റേറ്റ്മെന്റ് ഇൻ റെസ്പോൺസ് 'ആണ്. A മുതൽ F വരെയുള്ള പാർട്ടികൾ നൽകിയ 'Statement of Allegations' അപ്രകാരം തന്നെ സ്വീകരിച്ചാൽ ആയത് ശരിയായ നടപടിക്രമം അല്ലാത്തതിനാൽ A മുതൽ F വരെയുള്ള പാർട്ടികൾ നൽകിയ സ്റ്റേറ്റ്മെന്റ് ഓഫ് അലിഗേഷന്റെ സ്വീകാര്യതയെ ക്കുറിച്ചാണ് സർക്കാർ മറുപടി സ്റ്റേറ്റ്മെന്റ് നൽകിയത് . |
| (സി) സോളാർ തട്ടിപ്പു കേസിൽ അധികാര സ്ഥാനങ്ങളുടെ സ്വാധീനം ഉണ്ടെന്ന ആക്ഷേപത്തിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ? | (സി) കമ്മീഷന്റെ പരിഗണനയിലിരിയ്ക്കുന്ന വിഷയമാണിത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. സോളാർ തട്ടിപ്പ്, അനുബന്ധ സാമ്പത്തിക ഇടപാടുകൾ എന്നിവ സംബന്ധിച്ച് കേരള നിയമസഭയ്ക്കുള്ളിലും പുറത്തും ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളിൽ എന്തെങ്കിലും അടിസ്ഥാനമുണ്ടോ? ഉണ്ടെങ്കിൽ എന്താണ്? ആരൊക്കെയാണ് അതിന് ഉത്തരവാദികൾ?
2. പ്രസ്തുത ആരോപണങ്ങളിൽ ഉൾപ്പെട്ട ഇടപാടുകളുമായി ബന്ധപ്പെട്ട് സർക്കാരിന് എന്തെങ്കിലും സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ടോ? സംഭവിച്ചിട്ടുണ്ടെങ്കിൽ എത്രയാണ്? ഇത് ഒഴിവാക്കാമായിരുന്നോ? അതിന്റെ ഉത്തരവാദിത്വം ആർക്കൊക്കെയാണ്?
3. മുകളിൽ പരാമർശിച്ചിട്ടുള്ള ആരോപണങ്ങളിൽ ഉൾപ്പെട്ട കമ്പനിക്കോ വ്യക്തികൾക്കോ നിയമ വിരുദ്ധമായി സർക്കാർ വക വർക്ക് ഓർഡറുകളോ മറ്റെന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിക്കുകയോ ഉണ്ടായിട്ടുണ്ടോ? ഉണ്ടായിട്ടുണ്ടെങ്കിൽ ആ വകയിൽ സർക്കാരിന് ഏന്തെങ്കിലും സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടോ? ഉണ്ടായിട്ടുണ്ടെങ്കിൽ അതെത്രയാണ്? ഇത് ഒഴിവാക്കാമായിരുന്നോ? ആരൊക്കെയാണ് അതിന് ഉത്തരവാദികൾ?
4. സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ഇടപാടുകളിലും ഉൾപ്പെട്ടിട്ടുള്ളവരുമായി ബന്ധപ്പെട്ട് 2005 കാലഘട്ടം മുതൽ ഇതേവരെ ഉയർന്നുവന്നിട്ടുള്ള പരാതികൾ കൈകാര്യം ചെയ്യുന്നതിൽ എന്തെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ടോ? ഉണ്ടായിട്ടുണ്ടെങ്കിൽ അവയ്ക്കുള്ള ഉത്തരവാദികൾ ആരൊക്കെയാണ്?
5. തെറ്റായ വാഗ്ദാനം നൽകി ജനങ്ങളെ വ്യാപകമായി വഞ്ചിക്കുകയും കബളിപ്പിക്കുകയും ചെയ്യുന്നത് തടയാനും അവർക്കെതിരെ നടപടികൾ സ്വീകരിക്കാനും ഇന്നു നിലവിലുള്ള നിയമങ്ങളും സംവിധാനങ്ങളും പര്യാപ്തമാണോ? ഇല്ലെങ്കിൽ ഇത്തരം കബളിപ്പിക്കലും വഞ്ചനയും ഇല്ലാതാക്കാൻ ശക്തമായ നിയമനിർമ്മാണവും ഉചിതമായ മറ്റു നടപടികളും സ്വീകരിക്കുന്നതിലേയ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്?
6. മേൽ പരാമർശിച്ചിട്ടുള്ളതുപോലെ സാമ്പത്തിക തട്ടിപ്പുകൾക്ക് വിധേയരാകുന്നവർക്ക് നഷ്ടപ്പെട്ട തുക തിരിച്ചു കിട്ടുന്നതിന് സ്വീകരിക്കാവുന്ന നടപടികളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ?

സെക്ഷൻ ഓഫീസർ